ഉത്തരം

(എ) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം എടുക്കുമ്പോൾ നല്ലളം ഗവൺമെന്റ് യു. പി. സ്കൂളിന്റെ അപ്ഗ്രേഡേഷൻ കെ. ഇ. ആറിലെ നിബന്ധനകൾക്കു വിധേയമായി പരിഗണിക്കാവുന്നതാണ്.

(ബി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിക്കാറുണ്ട്.

എച്ച്. ഐ. വി. ബാധിതരായ വിദ്യാർത്ഥികളോടുള്ള വിവേചനം

107 [706] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്. ഐ. വി. ബാധിതരായ എത്ര കുട്ടികൾ സ്ക്കൂളുകളിൽ പഠിക്കുന്നുണ്ട് എന്നറിയിക്കാമോ;

(ബി) എച്ച്. ഐ. വി. ബാധിതരായ കുട്ടികളെ പഠിപ്പിക്കാൻ പ്രത്യേക മോഡൽ സ്കൂൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എച്ച്. ഐ. വി. ബാധിതരായ കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം അല്ലാതെ പ്രത്യേക ക്ലാസ്സ് മുറികളിൽ പഠിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 4 (നാല്)

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ചർച്ചകൾ നടന്നു വരികയാണ്. ചില രക്ഷകർത്താക്കളുടെ എതിർപ്പു മൂലം ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

108 [707] ശ്രീ. യു. സി. രാമൻ:

,, സി. ടി. അഹമ്മദ് അലി:

,, ചെർക്കളം അബ്ദുള്ള:

,, ഇസ്ഹാക് കുരിക്കൾ:

,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മുതൽ കേരളത്തിൽ എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly